വരുന്ന മറ്റൊരു മലയാള മാസികയാണ്.

പത്രപ്രവർത്തനത്തിലൂടെയും സാഹിത്യസപര്യയിലൂടെയും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരാണ് വർഗീസ് ഈശോ, ജോയി ലൂക്കോസ്, വർഗീസ് മൈലപ്ര തുടങ്ങിയവർ. എഴുത്തുകാരനും ചിന്തകനുമാണ് സണ്ണി എഴമറ്റൂർ. Capitalism-A Panacea for Socio Economic Woes എന്ന ഗ്രന്ഥത്തിലൂടെ സോഷ്യലിസ സമ്പ്രദായം ഇൻഡ്യൻ ജനതയ്ക്ക് നേടിത്തന്ന ബ്യൂറോക്രസിയുടെയും സാമ്പത്തിക അധോഗതിയുടെയും നേരെ വിരൽ ചൂണ്ടുന്നു. ഇതിനുള്ള ഒറ്റമൂലിയായി, പുനർജനി നേടുവാനുള്ള അമൃതായി അമേരിക്കയുടെ ക്യാപ്പിറ്റലിസ സമ്പ്രദായത്തെ നമ്മുടെ മുന്നിൽ വച്ചുകാട്ടുന്നു.

## അമേരിക്കൻ മലയാള സാഹിത്യസംഘടനകൾ

ഫൊക്കാനയുടെ വളർച്ച അമേരിക്കൻ മലയാള സാഹിത്യത്തിന്റെ വളർച്ചക്ക് ഉണർവ്വും ഉത്തേജനവും നല്കി. പലപ്പോഴും രാഷ്ട്രീയാതിപ്രസരവും സാഹിത്യാവഗണനയുംകൊണ്ട് ഒരു ചടങ്ങായി അധഃപതിക്കാറുണ്ടെങ്കിലും മികച്ച ചില സാഹിത്യസദസ്സുകൾക്കും ചർച്ചകൾക്കും അരങ്ങൊരുക്കാൻ ചില വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. സാഹിത്യമെന്നാൽ അങ്ങാടിയോ പച്ചമരുന്നോ എന്ന് തിരിച്ചറിയാത്തവരെ സാഹിത്യസമ്മേളനത്തിന്റെ സംഘാടകരാക്കാനും ഉയർത്താനുമുള്ള വ്യഗ്രത ഇതിനുകാരണമല്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. വിവിധ വിഷയങ്ങളെപ്പറ്റി നടത്തുന്ന സാഹിത്യസമ്മേളനങ്ങൾ മലയാളനാടിനെയും സാഹിത്യത്തെയും അമേരിക്കൻ മലയാളിയോടും സാഹിത്യത്തോടും കൂട്ടിയിണക്കാനുള്ള പ്രധാനവേദിയായി ഫൊക്കാന വളരുമെന്ന് പ്രത്യാശിക്കുന്നു.

ഹൂസ്റ്റണിലെ മലയാള സാഹിത്യകാരന്മാരുടെ സംഘടനയായ കേരള റൈറ്റേഴ്സ് ഫോറം അതിലെ പ്രവർത്തകരുടെ കഥകൾ ഉൾപ്പെടുത്തി മൂന്നു ചെറുകഥാ സമാഹാരങ്ങൾ പുറത്തിറക്കുകയും സാഹിത്യചർച്ചകൾ സംഘടിപ്പിക്കുകയും, വാഷിംഗ്ടണിലെ ഫൊക്കാനാ സാഹിത്യസമ്മേളനത്തിന് നേതൃത്വം കൊടുക്കുകയും ചെയ്തു. അമേരിക്കയിലെ മലയാള സാഹിത്യകാരന്മാരുടെ ചെറുകഥകൾ സമാഹരിച്ച് പുസ്തകമാക്കി എൻ.ബി.എസ്സിനെക്കൊണ്ട് പ്രസാധനം ചെയ്യിക്കാനുള്ള ശ്രമത്തിലാണവർ ഇപ്പോൾ ശ്രദ്ധ വച്ചിരിക്കുന്നത്. ജോൺ മാത്യു, മാത്യു നെല്ലിക്കുന്ന്, അനിൽകുമാർ ആറൻമുള തുടങ്ങിയവർ ഈ സംഘടനക്ക് നേതൃത്വം കൊടുക്കുന്നു.

ഡാളസിലെ സാഹിത്യകാരന്മാരുടെ സംഘടനയാണ് കേരള ലിറ്റററി സൊസൈറ്റി. തുടങ്ങിയിട്ട് അധികകാലമായില്ലെങ്കിലും ചുരുങ്ങിയ കാലം